DISPATCHED
On. 22/06/2020

21/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1019*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4625** */എസ്.ഐ.സി-ജി 6/18)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.വിശ്വനാഥൻ കെ.,
S/o ഗോവിന്ദ (Late),
കൂനിയേരി ഹൗസ്, ഇരിയാന്നി പി.ഒ.,
കാസറഗോഡ് – 671 542.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ബ്ലോക്ക് പഞ്ചായത്ത് ഡെവലപ്മെന്റ് ഓഫീസർ
ഫോർ എസ്.സി., കാസർഗോഡ് ബ്ലോക്ക്,
വിദ്യാ നഗർ പി.ഒ., കാസർഗോഡ് – 671 123.

2. അപ്പീൽ അധികാരി&
ജില്ലാ ഡെലപ്മെന്റ് ഓഫീസർ ഫോർ എസ്.സി.,
കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.02.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.04.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.05.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വിശ്വനാഥൻ കെ., 28.04.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 04.05.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1019(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും യാതൊരു വിവരവും ലഭിച്ചില്ലെന്നും ആകയാൽ ടിയാന് സൗജന്യമായി വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.01.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 24.02.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 07.03.2018ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടി മറുപടി ഹർജിക്കാരന് ലഭ്യമായതായി കാണുന്നില്ല. ആകയാൽ ഒരിയ്ക്കൽകൂടി ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ തീർപ്പാക്കാതെ രണ്ടാം എതിർകക്ഷി കൃത്യവിലോപം കാണിച്ചതായി കമ്മീഷൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീഴ്ചകൾ രണ്ടാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും സംഭവിക്കാൻ പാടില്ല എന്ന് കമ്മീഷൻ താക്കീതു നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 21–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/